രക്ഷയുടെ പാതയിൽ-3



3

# ജീവദാതാവായ ദൈവം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി


# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 11

# പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ



പന്തക്കുസ്താദിവസം അവർ പ്രാർത്ഥിക്കുമ്പോൾ കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്ന്. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾപോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയും മേൽ വന്നു നില്ക്കുന്നതായി അവർ ദർശിച്ചു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവുകൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി

(അപ്പസ്തോല പ്രവർത്തനങ്ങൾ 2:2-4).

നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ പാലിക്കും. ഞാൻ പിതാവിനോട് ചോദിക്കുകയും നിത്യവും നിങ്ങളോടുകൂടെയായിരിക്കുവാൻ മറ്റൊരു സഹായകനെ അവൻ നിങ്ങൾക്കു തരികയും ചെയ്യും (യോഹ 14:15-16).



മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിൽ ജനിച്ച്
ദൈവമക്കളായിത്തീർന്ന നമുക്ക് ക്രിസ്തുവിന്റെ സുവിശേഷം
പ്രഘോഷിക്കുന്നതിനും അവിടുത്തേക്ക് സാക്ഷ്യം
വഹിക്കുന്നതിനും ആവശ്യമായ പരിശുദ്ധാത്മാവിന്റെ
പ്രത്യേകമായ ശക്തിയും വരങ്ങളും നൽകുന്ന
കൂദാശയാണ് തൈലാഭിഷേകം.



മെത്രാൻ പ്രത്യേകമായി ആശീർവദിച്ചിട്ടുള്ള തൈലമാണ് മൂറോൻ. ഈ തൈലം ഉപയോഗിച്ച് നമ്മെ ലേപനം ചെയ്യുമ്പോൾ പരിശുദ്ധാത്മാഭിഷേകത്തിന്റെ മായാത്ത മുദ്ര നമ്മിൽ പതിയുന്നു.

അങ്ങനെ നാം ദൈവത്തിന്റെ സാന്നിധ്യം നിരന്തരം അനുഭവിക്കുന്നു, പ്രസാദവരത്താൽ നിറയുന്നു.

പരിശുദ്ധാത്മാവ് നമുക്ക് നന്മചെയ്യാനുള്ള പ്രേരണയും ശക്തിയും നിരന്തരം നല്കിക്കൊണ്ടിരിക്കുന്നു.

# നമുക്കുപ്രാർത്ഥിക്കാം

തൈലാഭിഷേകമെന്ന കൂദാശയിലൂടെ
പ്രത്യേകമായി എന്നിലേക്ക്
എഴുന്നള്ളിവരുന്ന പരിശുദ്ധാത്മാവേ,
നന്മയുടെ വഴികളിൽ ചരിക്കാനുള്ള
പ്രേരണയും ശക്തിയും
എനിക്കു നൽകണമേ.



# നമുക്കു പാടാം



പന്തക്കുസ്താദിനമണഞ്ഞു
പാവനാത്മൻ വന്നു
അഗ്നിനാവായ് ശിഷ്യർ തന്നിൽ
ആത്മശക്തിയായി.

സ്ഥൈര്യലേപനത്തിൻ നാളിൽ
നമ്മിലും നിറഞ്ഞു
പാവനനാം റൂഹാതന്റെ
ദിവ്യശക്തിയേകി.

# ഓർത്തുപറയാം

**പന്തക്കുസ്താദിനത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്ന സംഭവം വിവരിച്ചു പറയുക.**



# എന്റെ തീരുമാനം

**പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഈശോയ്ക്കു സാക്ഷ്യം നല്കിയ ശ്ലീഹന്മാരെപ്പോലെ ഞാനും ഈശോയുടെ സാക്ഷിയായി ജീവിക്കും.**



Thank you